(സി) ഇല്ലെങ്കിൽ പ്രസ്തുത കമ്മീഷൻ ശുപാർശകൾ സമർപ്പിക്കുന്നതിനായി നിശ്ചയിച്ച കാലപരിധി അറിയിക്കാമോ?

ഉത്തരം

(എ) — (സി) റവന്യൂ വില്ലേജ് പുനഃസംഘടന നടത്തുന്നതിന് റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറിയായിരുന്ന ശ്രീ. എസ്. സുന്ദരേശനെ ഏകാംഗ കമ്മീഷനായി സർക്കാർ നിയമിച്ചിരുന്നു. അദ്ദേഹം ഫോർവേഡ് മാർക്കറ്റ്സ് കമ്മീഷൻ ചെയർമാനായി നിയമിക്കപ്പെട്ടതിനെ തുടർന്ന് കമ്മീഷന്റെ പ്രവർത്തനം നിലച്ചിരിക്കുകയാണ്. പുതിയ കമ്മീഷനെ നിയമിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. കമ്മീഷന്റെ നിർദ്ദേശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് മാത്രമേ പുതിയ വില്ലേജുകളുടെ പുനഃസംഘടന സാദ്ധ്യമാകൂ.

"വരൾച്ചമൂലമുണ്ടാകുന്ന ഉൽപാദന നഷ്ടത്തിന് ആനുകൂല്യം"

20 [3541] *ശ്രീ. കെ. എ. ചന്ദ്രൻ:*

„ *വി. ജെ. പൗലോസ് :*

പ്രൊഫ. കെ. വി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദീർഘകാല ഫലം തരുന്ന നാണ്യവിളകൾ കൃഷി ചെയ്യുന്ന കേരളത്തിൽ വരൾച്ചമൂലം അവ ഉണങ്ങിയില്ലെങ്കിൽത്തന്നെയും തുടർന്നുള്ള വർഷങ്ങളിൽ അവയിൽ നിന്നു കിട്ടുന്ന ഫലത്തിൽ കാര്യമായ കുറവുണ്ടാകുന്നതിന്റെ ഫലമായി ഉണ്ടാകുന്ന നഷ്ടത്തിന് കേന്ദ്രത്തിന്റെ ആനുകൂല്യം കിട്ടുവാൻ വ്യവസ്ഥയുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇപ്രകാരം വരുന്ന നഷ്ടം കണക്കിലെടുത്ത് ആശ്വാസം നൽകത്തക്ക വിധത്തിൽ കേന്ദ്രത്തിന്റെ വരൾച്ചാസഹായ മാനദണ്ഡങ്ങളിൽ മാറ്റം വരുത്താൻ സ്വാധീനം ചെലുത്തുമോ;

(സി) അമ്പത് ശതമാനത്തിലധികം കൃഷി ഉണക്കുമൂലം നശിച്ചെങ്കിൽ മാത്രമേ വരൾച്ച മൂലമുള്ള കൃഷി നഷ്ടത്തിന് സഹായം നൽകുകയുള്ളൂവെന്ന് കേന്ദ്രത്തിന്റെ ധനസംബന്ധമായ മാനദണ്ഡങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോ;

(ഡി) ദീർഘകാലവിളകൾ ഇപ്രകാരം അവ 50% ത്തിലധികം നശിച്ചില്ലെങ്കിലും, അവയ്ക്ക് കൃഷിനാശത്തിനുള്ള ആനുകൂല്യം ലഭിക്കുവാൻ അർഹതയുണ്ടെന്ന വ്യവസ്ഥ കേന്ദ്രത്തെക്കൊണ്ട് അംഗീകരിപ്പിക്കുവാൻ എന്തെല്ലാം നടപടികളെടുത്തു?

ഉത്തരം

(എ)—(ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly